# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1071 — 30.09.2016 ൽ മറുപടിക്ക്

### അനധികൃത നിർമ്മിതി

**ചോദ്യം**

ശ്രീ.സി.മമ്മൂട്ടി :

(എ) തലസ്ഥാന നഗരിയിലെ അതിപുരാതനവും അതീവ സുരക്ഷാ മേഖലയിലുള്ളതുമായ പത്മനാഭസ്വാമി ക്ഷേത്രം, ക്ഷേത്ര ട്രസ്റ്റ് എന്നിവയുടേതായിരുന്ന ഭൂമിയിൽ കഴിഞ്ഞ 20 വർഷത്തിനകം നടത്തിയിട്ടുള്ള അനധികൃത നിർമ്മിതികളെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാഫലം വെളിപ്പെടുത്തുമോ;

(ബി) ക്ഷേത്രത്തിനു 200 മീറ്റർ ചുറ്റളവിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും, ആവശ്യമായ എല്ലാ അനുമതികളും നേടാതെയും നടത്തിയ നിർമ്മിതികളെ ക്കുറിച്ച് വിശദമായ വിവരശേഖരണം നടത്തുമോ;

(സി) ഈ പരിധിക്കുള്ളിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ അനധികൃത സ്ഥാപനങ്ങളും അടച്ചു പൂട്ടാനും അതിസുരക്ഷാ മേഖലയായതിനാൽ പുതുതായി ഒരു ലൈസൻസും അനുവദിക്കാതിരിക്കാനും നിർദ്ദേശം നൽകുമോ?

**ഉത്തരം**

ശ്രീ.കെ.റ്റി.ജലീൽ
(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും

ഉണ്ട്; ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സമീപത്ത് അതീവ സുരക്ഷാമേഖലയിൽ ഈ അടുത്തകാലത്ത് ഒരു വ്യാപാരസ്ഥാപനത്തിന് തീപിടിച്ചതുമായി ബന്ധപ്പെട്ട്, ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റും, പോലീസും, നഗരസഭയും ചേർന്ന് പരിശോധന നടത്തിയിരുന്നു. ക്ഷേത്ര പരിസരത്ത് മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ പ്രവർത്തിക്കുന്ന എല്ലാ കൊമേഴ്സ്യൽ/റസിഡൻഷ്യൽ കെട്ടിടങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട മൂന്ന് വകുപ്പുകളും തീരുമാനമെടുക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ